"ഭരണഭാഷ-മാതൃഭാഷ"

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

No: DWCD/1929/2026-ICDSB2

തീയതി : 18-05-2026

## സർക്കുലർ

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി - 2026 മെയ് 30 ന് അങ്കണവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് - മാർഗനിർദേശങ്ങൾ സംബന്ധിച്ച്:-

സൂചന:- സ .ഉ (സാധാ) നം.182/2026/WCDD തീയതി 11-05-2026

സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ പ്രീസ്കൂൾ കുട്ടികളുടെ എൻറോൾമെൻറ് വർദ്ധിപ്പിക്കുക, കുട്ടികളുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിൽ അങ്കണവാടികൾക്കുള്ള പ്രാധാന്യം, അങ്കണവാടികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും എല്ലാ വർഷവും പ്രവേശനോത്സവം സംഘടിപ്പിച്ച് വരുന്നു . കഥയും പാട്ടും കളികളുമായി 2026-27 അധ്യയന വർഷത്തെ അങ്കണവാടി പ്രവേശനോത്സവം 2026 മെയ് 30 തീയതിയിൽ സംസ്ഥാനമൊട്ടാകെ വർണാഭമായി ആഘോഷിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട് . ഇതിൻറെ ഭാഗമായി സംസ്ഥാന, അങ്കണവാടി തലങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട് .

സംസ്ഥാനത്ത് അങ്കണവാടി തലത്തിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിനു അങ്കണവാടി ഒന്നിന് 500/-രൂപ വെച്ച് 331120 അങ്കണവാടികൾക്ക് 1,65,60,000/-രൂപയും സംസ്ഥാന തല പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് മൂന്ന് ലക്ഷം രൂപയും ചിലവഴിക്കുന്നതിനു സൂചന (1) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട് അങ്കണവാടികൾക്ക് അനുവദിച്ചിട്ടുള്ള തുക ബ്രോഷർ, സർട്ടിഫിക്കറ്റ് പ്രിൻറിംഗ് തുടങ്ങിയ പ്രവേശനോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഉപയോഗിക്കേണ്ടതാണ് .ടി തുകയിൽ അധികരിക്കുന്ന ചെലവുകൾ ALMSC ,സ്പോൺസർഷിപ്പ് എന്നിവയുടെ സഹകരണത്തോടെ നിർവ്വഹിക്കാവുന്നതാണ്.ജില്ലാ തലത്തിൽ സോഷ്യൽ മീഡിയ ക്യാമ്പെയിനിൻ്റെ ഭാഗമായി തയ്യാറാക്കുന്ന വിവിധ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവയ്ക്ക് വ്യാപക പ്രചാരണം നൽകേണ്ടതാണ്.

2026 വർഷത്തെ പ്രവേശനോത്സവ മുന്നൊരുക്ക പരിപാടികൾ മേയ് 18 മുതൽ ആരംഭിക്കേണ്ടതും മേയ് 30 ന് പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്. ഹരിത പ്രോട്ടോകോൾ അനുസരിച്ച് പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.

ആയത് സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

| പ്രവേശനോത്സവം 2026 | | | |
|---|---|---|---|
| ക്രമനം | പ്രവർത്തനം | വിവരണം | തീയതി |
| 1.<br><br>1. | **ഒന്നിച്ചു ഒന്നായി ഒരുങ്ങാം**<br><br>അങ്കണവാടി പ്രദേശത്തുള്ള പൊതുജനങ്ങളെ മുഴുവൻ ഉൾപ്പെടുത്തി ജനറൽ ബോഡി യോഗം കൂട്ടുക. | • പ്രവേശനോത്സവ തീയതി ,സമയം അറിയിക്കുക<br>• പ്രവേശനം നേടേണ്ട കുട്ടികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക .<br>• ജനറൽ ബോഡിയിൽ നിന്ന് മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ചുള്ള അങ്കണവാടി പ്രവർത്തനത്തിന് മുതൽക്കൂട്ടാവുന്ന പുതിയ ALMSC പുനഃസംഘടിപ്പിക്കുക.<br>• പ്രവേശനോത്സവവുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം നടത്തേണ്ടതിന്റെ ആവശ്യകത വർക്കർ വിശദീകരിക്കണം:<br>• ഭവന സന്ദർശന വേളയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>• കളിപ്പാട്ടങ്ങൾ, അലങ്കാര വസ്തുക്കൾ എന്നിവ നിർമിക്കുന്ന ശില്പശാല, ഡ്രൈ ഡേ എന്നിവയുടെ തീയതികൾ വർക്കർ അറിയിക്കണം.<br>• അങ്കണവാടിയിലെ ഉപയോഗശൂന്യമായ വസ്തുക്കൾ ഫർണീച്ചർ എന്നിവ നീക്കം ചെയ്യാൻ ALMSC തീരുമ ാനമെടുക്കണം.<br>• പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് ഉൾപ്രദേശങ്ങളിലുള്ള അങ്കണവാടികളിലേക്ക് സൈൻ ബോർഡ് മ െയിൻ റോഡിൽ നിന്നും വെയ്ക്കുക. | 2026 മെയ് 18-19 |
| 2. | **കുഞ്ഞിചെപ്പ്**<br><br>സമ്മാനപ്പൊതി തയ്യാറാക്കൽ :- | • അങ്കണവാടിപ്രവർത്തകർ,വർണക്കൂട്ട്അംഗങ്ങൾ, പൂർവ്വ-വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവരെ കൂടിച്ച േർത്ത്കൊണ്ട് ഗൃഹസന്ദർശന വേളയിൽ കുഞ്ഞുങ്ങൾക്ക് നൽകാനുള്ള സമ്മാന പൊതികൾ "കുഞ്ഞിചെപ്പ് "തയ്യാറാക്കേണ്ടതാണ്.<br>• അങ്കണവാടി കണ്ടിജൻസി ഇനത്തിൽ ലഭ്യമായ സാധനങ്ങൾ ഇതിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്.<br>• സമ്മാനപ്പൊതി, കുട്ടികൾ ഇഷ്ടപ്പെടുന്ന തരത്തിലുള്ള വസ്തുക്കൾ കൊണ്ട് നിറയ്ക്കണം. ക്രയോൺസ്,സ്മൈൽബോൾ,വർണ്ണക്കടലാസുകൾ കൊണ്ടുള്ള പൂവ്, പൂമ്പാറ്റ, പാവ എന്നിവയെല്ലാം സമ്മാനപൊതിയിൽ ഉൾപ്പെടുത്താം. | മെയ് 20-21 |

| | | | |
|---|---|---|---|
| | | (നിർമ്മാണവുമായി ബന്ധപ്പെട്ട യുട്യൂബ് വീഡിയോകൾ പ്രയോജനപ്പെടുത്താവുന്നതാണ് .)<br>• ഇത്തരം പ്രവർത്തനങ്ങളുടെ ഫോട്ടോകളും വീഡിയോകളും ഫേസ് ബുക്ക്, വാട്ട്സ് ആപ്പ്ഗ്രൂപ്പുകൾ, യൂട്യൂബ് ചാനൽ മുതലായവയിൽ കൂടെ പ്രചരിപ്പിക്കേണ്ടതാണ്. | |
| 3. | **ഹൃദയ പൂർവ്വം**<br><br>(ഗൃഹ സന്ദർശനം നടത്തി കുട്ടികളെ ക്ഷണിക്കുകയും സമ്മാനം കൈമാറുകയും ചെയ്യുക ) | • വാർഡ് മെമ്പറുടെ നേതൃത്വത്തിൽ അങ്കണവാടി വർക്കർ, എ.എൽ .എം. എസ് .സി അംഗങ്ങൾ, വർണ്ണക്കൂട്ട് അംഗങ്ങൾ എന്നിവർ ചേർന്ന് ഗൃഹ സന്ദർശനം നടത്തി സമ്മാനങ്ങൾ നൽകി കുഞ്ഞുങ്ങളെ അങ്കണവാടിയിലെയ്ക്ക് ക്ഷണിക്കണം.<br>• തുടർന്ന് അങ്കണവാടി പ്രവർത്തക താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്. | മെയ് 22-23 |
| | | 1. അങ്കണവാടിയുടെ പ്രവർത്തന സമയം, സമയ ക്ലിപ്തത പാലിക്കേണ്ടതിന്റെ ആവശ്യകത. | |
| | | 2. പ്രവർത്തന ക്രമം. | |
| | | 3.പ്രീ സ്കൂൾ തീമുമായി ബന്ധപ്പെട്ട വിഷയങ്ങൾ<br>ECCED | |
| | | 4. കുഞ്ഞുങ്ങളും ശുചിത്വവും. | |
| | | 5. അങ്കണവാടിയിലെ ശിശുസൗഹൃദ സംരക്ഷണ രീതി | |
| | | 6 കുഞ്ഞുങ്ങളുടെ സമഗ്ര വികസനം; അങ്കണവാടികളുടെ ഇടപെടൽ | |
| | | 7.കുഞ്ഞുങ്ങളിലെ കാലേകൂട്ടിയുള്ള വൈകല്യ നിർണ്ണയം, അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള സംവിധാനങ്ങൾ. | |
| | | 8. ആരോഗ്യ പോഷണ വിദ്യാഭ്യാസം. | |

| | | | |
|---|---|---|---|
| | | 9. വളർച്ച നിരീക്ഷണത്തിന്റെ പ്രാധാന്യം. | |
| | | മേൽ വിഷയങ്ങളെ സംബന്ധിച്ച് കുട്ടികളുടെ രക്ഷിതാക്കൾക്ക് അവബോധം നൽകേണ്ടതാണ് .<br>• സി ഡി പി ഒ മാർ,ഐ സി ഡി എസ് സൂപ്പർവൈസർമാർ, എൻ എൻ എം സ്റ്റാഫ്, സൈക്കോ സോഷ്യൽ സ്കൂൾ കൌൺസിലർമാർ എന്നിവർ ഈ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടത ാണ് . | |
| 4. | **സ്റ്റാറ്റസ് ഇടാം ഡിജിറ്റൽ ആകാം** | • അങ്കണവാടി പ്രവേശനോത്സവത്തോടനുബന്ധിച്ച ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ഐ സി ഡി എസ് പ്രവർത്തനങ്ങളെക്കറിച്ച് അറിവ് ഉണ്ടാക്കുന്നതിനു വേണ്ടി ഇത്തരം പ്രവർത്തനങ്ങളുടെ ഫോട്ടോകളും വിഡിയോകളും ഫേസ് ബുക്ക്,വാട്സ് ആപ്പ് ഗ്രൂപ്പുകൾ യു ട്യൂബ് ചാനൽ മുതലായ സാമൂഹ്യ മാധ്യമങ്ങളിൽ കൂടെ പ്രചരിപ്പിക്കണം.<br>• ഡിജിറ്റൽ മൈക്ക് അനൗൺസ്മെൻ്റ് ചെയ്യാവുന്നത ാണ്.<br>• അതത് അങ്കണവാടികളിലെ പ്രീ സ്കൂൾ പ്രവർത്തനങ്ങൾ കുട്ടികളുടെ പരിപാടികൾ എന്നിവ ഉൾപ്പെടുത്തി ഡിജിറ്റൽ റീൽസ് തയ്യാറാക്കി അവരവരുടെ അങ്കണവാടി ഏരിയയിൽ സോഷ്യൽ മീഡിയ, വാട്സ് ആപ്പ് ഗ്രൂപ്പ് തുടങ്ങിയവയിൽ വ്യാപകമായ പ്രചരണം നൽകാവുന്നതാണ്.<br>• പ്രവേശനോത്സവ തീയതി സംബന്ധിച്ച 'സേവ് ദ ഡേറ്റ്' ക്യാപ്ഷൻ ഉൾപ്പെടുത്തിയുള്ള പോസ്റ്ററുകൾക്ക് പ്രചാരണം നൽകുക. | മെയ് 25 |
| 5 | അവലോകനം | • ALMSC കമ്മിറ്റി കൂടി ഇത് വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കണം.<br>• പ്രവേശനോത്സവത്തിന്റെ അന്തിമ രൂപ രേഖയും | മെയ് 26 |

| | | | |
|---|---|---|---|
| | | ക്ഷണിക്കേണ്ട വിശിഷ്ട വ്യക്തികളുടെ ലിസ്റ്റം തയ്യാറാക്കുക. അതത് പ്രദേശത്തെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ സാന്നിധ്യം ഉറപ്പ് വരുത്തേണ്ടതാണ്.<br>• അങ്കണവാടി പെയിൻറിംഗ് , അലങ്കരിക്കൽ കുട്ടികളെ സ്വീകരിക്കാൻ ആവശ്യമായ പൂക്കൾ, മധുരം എന്നിവ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച് തീരുമാനമെടുക്കുക<br>• കാലാവസ്ഥയ്ക്ക് അനുസരിച്ച് സെൽഫി കോർണർ സെറ്റ് ചെയ്യേണ്ട സ്ഥാനം നിർണയിച്ചു വെയ്ക്കുക.<br>• പൂർവ്വ വിദ്യാർഥി സംഗമം, കലാപരിപാടികൾ എന്നിവയെക്കുറിച്ച് തീരുമാനമെടുക്കേണ്ടതാണ്. അതത് അങ്കണവാടി തലത്തിൽ പ്രവേശനോത്സവം പോസ്റ്റർസ് തയ്യാറാക്കി വാട്ട്സ് ആപ് ഗ്രൂപ്പുകളിൽ ഇടുക, സ്റ്റാറ്റസ് ഇടുക. | |
| 6 | **അങ്കണവാടി -**<br>**ശുചിത്വ വാടി** | • വാർഡ് മെമ്പറുടെ നേതൃത്വത്തിൽ അങ്കണവാടിയും പരിസരവും വൃത്തിയാക്കൽ<br>• ALMSC /വയോക്ലബ്/ വർണക്കൂട്ട് അംഗങ്ങൾ, രക്ഷിതാക്കൾ, ആരോഗ്യ പ്രവർത്തകർ പൂർവ്വ വിദ്യാർഥികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്തി കൊണ്ട് അങ്കണവാടിയ്ക്ക് ഉൾവശവും പരിസരവും വൃത്തിയാക്കേണ്ടതാണ്. | മെയ് 28 |
| 7 | ചന്തം ചാർത്ത്<br><br>അങ്കണവാടി അണിയിച്ചൊരുക്കൽ | • പ്രാദേശികമായി ലഭ്യമാകുന്ന സാധനങ്ങൾ ഉപയോഗിച്ച് അങ്കണവാടി അലങ്കരിക്കുക<br>• പ്രവേശനോത്സവ ദിനത്തിൽ പ്രാദേശികമായി ലഭ്യമാകുന്ന പഴ വർഗങ്ങൾ കൊണ്ട് തയ്യാറാക്കിയ ജ്യൂസ് , ചെറുധാന്യങ്ങളായ റാഗി,തിന മുതലായവ കൊണ്ടുണ്ടാക്കിയ ലഡു, എന്നിവ നൽകുന്നതിനു ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക .<br>• പുതിയ കുഞ്ഞുങ്ങളെ സ്വീകരിക്കുന്നതിനായി അങ്കണവാടിയിൽ നിലവിലുള്ള കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക.<br>• സെൽഫി കോർണർ (ഫോട്ടോ ഫ്രെയിം :)സജ്ജീകരിക്കുക .<br><br>അങ്കണവാടികളിലെ കുട്ടികളുടെ മുഖം വ്യക്തമാവുന്ന രീതിയിൽ തെർമോകോൾ/ കാർഡ്ബോർഡ് എന്നിവ ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള സെൽഫി ഫ്രെയിം നിർമ്മിക്കുക (ആ ഫ്രെയിം വെച്ച് കൊണ്ട് കുട്ടികളെ പ്രവേശനോത്സവത്തിനു ഫോട്ടോ എടുക്കുക ) ഫോട്ടോ ഫ്രെയിമിൽ "**അങ്കണവാടിയിലെ എൻ്റെ ആദ്യ ദിനം** "എന്ന് മനോഹരമായ അക്ഷര | മെയ് 29 |

| | | | |
|---|---|---|---|
| | | ങ്ങളിൽ എഴുതി വെക്കേണ്ടതാണ്.<br><br>ഇതേ ദിവസം അങ്കണവാടി പ്രവർത്തകർ, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ ,ഗുണഭോക്താക്കൾ എന്നിവർ തങ്ങളുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ എല്ലാം തന്നെ അങ്കണവാടി പ്രവേശനോത്സവത്തോടനുബന്ധിച്ചുള്ള പോസ്റ്ററുകൾ സ്റ്റാറ്റസ് ആക്കി ഷെയർ ചെയ്യേണ്ടതാണ്. | |
| 8 | പ്രവേശനോത്സവ ദിനം | പ്രവർത്തനങ്ങൾ ചുവടെ നല്കിയിട്ടുണ്ട്. | മെയ് 30 |

<u>പ്രവേശനോത്സവദിന പരിപാടികൾ -മെയ് 30</u>

- അങ്കണവാടിയും പരിസരവും ആകർഷണീയമായ രീതിയിൽ അലങ്കരിക്കുക, പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
- പുതുതായി ചേരുന്ന കുട്ടികളുടെ ഫോട്ടോ ചാർട്ട് ആകർഷകമായ രീതിയിൽ പ്രദർശിപ്പിച്ചിരിക്കണം.
- അങ്കണവാടി അന്നേ ദിവസം പ്രവേശന ഉത്സവ ഗാനങ്ങളാലും കുട്ടി പാട്ടുകളാലും സംഗീത സാന്ദ്രമാകണം.
- പുതിയ കുരുന്നുകളെ സ്വീകരിക്കുവാൻ അങ്കണവാടി കുട്ടികളെ തയ്യാർ ചെയ്യണം (ഹസ്തദാനം ആലിംഗനം,വർണക്കടലാസുകൾ കൊണ്ടുള്ള വൈവിധ്യങ്ങൾ പൂമാല തുടങ്ങിയവ ) വെൽക്കം കിറ്റ്, മധുരം എന്നിവ നൽകണം.
- ഉദ്ഘാടന പരിപാടിയിൽ ജില്ലാ പഞ്ചായത്ത്, പഞ്ചായത്ത് /കോർപ്പറേഷൻ/മുനിസിപ്പാലിറ്റി, ബ്ലോക്ക്പഞ്ചായത്ത് അംഗങ്ങളുടെ സാന്നിധ്യം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.
- അങ്കണവാടി പൂർവ്വ വിദ്യാർഥികൾ ,ഗുണഭോക്താക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി കൊണ്ടുള്ള കലാപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- അങ്കണവാടിയിൽ നിന്നും സ്കൂളിലേയ്ക്ക് പ്രവേശനം നേടി പ്പോകുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം, അങ്കണവാടി പൂർവ്വ വിദ്യാർഥി സംഗമം ഉന്നത സ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ അനുഭവ സാക്ഷ്യം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
- അങ്കണവാടിയുടെ മുൻകാല പ്രവർത്തനങ്ങളുടെ ഡോക്യുമെൻ്റേഷൻ, ഫോട്ടോ പ്രദർശനം, എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

നിത ശിശു വികസന ഡയറക്ടർ

Digitally signed by
Vigneshwari V
Date: 18-05-2026
14:42:09